(ബി) അത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്ട്രക്ച്ചറൽ പണി പൂർത്തിയായിട്ടുണ്ട്. മറ്റ് പണികൾ പുരോഗമിച്ചുവരുന്നു.

(ബി) 31-5-04-ൽ പണി പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ്

121 [1351] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ് സഞ്ചാരയോഗ്യമല്ലാതായതിനാൽ പുനഃർനിർമ്മാണം നടത്തണമെന്ന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഈ റോഡ് ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ എത്ര ലക്ഷം രൂപയാണ് ചെലവു കണക്കാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ് പുനഃരുദ്ധരിക്കുന്നതിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

(സി) അൻപത്തിയേഴ് ലക്ഷം (57 ലക്ഷം) രൂപ ചെലവു കണക്കാക്കിയിട്ടുണ്ട്.

കുളപ്പുള്ളി-ഏലിയാപ്പറ്റ റോഡ്

122 [1352] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ കുളപ്പുള്ളി-ഏലിയാപ്പറ്റ റോഡ് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നവീകരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly